# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി - VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (5) പ്രകാരമുള്ളത്]

2021 ജനുവരി 22-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി - VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## 'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (5) പ്രകാരമുള്ളത്

242/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി—VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
ശ്രീ. കെ. ദാസൻ, എം.എൽ.എ.
ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
ശ്രീ. പി. ഉണ്ണി, എം.എൽ.എ.
ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ പ്രവർത്തനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) ന്റെ പ്രത്യേക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 14-8-2019-ൽ ചേർന്ന യോഗത്തിൽ KASE നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ചട്ടം 239 (5) പ്രകാരം തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

21-1-2021-ൽ ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി - VII.*

തിരുവനന്തപുരം,<br>2021 ജനുവരി 21.

# റിപ്പോർട്ട്

"അദ്ധ്വാനം തന്നെയാണ് ആരാധന" എന്ന വചനം തൊഴിലിന്റെ മഹത്വം വെളിപ്പെടുത്തുന്നു. പാഴാക്കപ്പെടുന്ന മനുഷ്യ ശക്തി കൂടുതൽ ഫലപ്രദമായി ഉപയുക്തമാക്കുക എന്നതാവണം പുരോഗമനകാംക്ഷികളായ ജനതയുടെയും സർക്കാരിന്റെയും ലക്ഷ്യം. ഏതൊരു തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. അവനവന്റെ അഭിരുചിക്ക് ഇണങ്ങിയതും കാലോചിതവുമായ തൊഴിലുകൾ തെരഞ്ഞെടുക്കുക എന്നത് വളരെ പ്രധാനമാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 2013-ലെ റിപ്പോർട്ട് പ്രകാരം വികസ്വര രാജ്യങ്ങൾ ഉൾപ്പെടെ രൂക്ഷമായ തൊഴിലില്ലായ്മ അഭിമുഖീകരിച്ച് കൊണ്ടിരിക്കുകയാണ്. 2017-18-ൽ ഇന്ത്യയിലെ തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന തലത്തിലായിരുന്നു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യത്തിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ശാസ്ത്ര സാങ്കേതിക മേഖലകളിലെ മാറ്റങ്ങളുടെ ചുവടുപിടിച്ച് ആഗോള തൊഴിൽക്കമ്പോളത്തിൽ നിരന്തരമായ പരിവർത്തനം നടക്കുകയാണ്. പരമ്പരാഗത തൊഴിൽ മേഖലകളിൽ അവസരങ്ങൾ ഇല്ലാതാകുക യാണെങ്കിലും ആഗോളതലത്തിൽ പുതിയ തൊഴിൽ സാദ്ധ്യതകൾ വർദ്ധിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതികരംഗത്തെ കുതിച്ചു ചാട്ടത്തിന് അനുസൃതമായി വളർന്നു വരുന്ന പുത്തൻ തൊഴിൽ മേഖലകൾ നൈപുണ്യശേഷിയിൽ അധിഷ്ഠിതമാണ്. തൊഴിൽ മേഖലകൾ ആവശ്യപ്പെടുന്ന നൈപുണ്യശേഷി ആർജ്ജിച്ചെടുത്ത യുവതലമുറയെ വാർത്തെടുത്താൽ മാത്രമേ പുതിയ മേഖലകളിലെ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനാവുകയുള്ളൂ. തൊഴിലധിഷ്ഠിതമായ പരിശീലനം, നൈപുണ്യവികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളിലൂടെ കേരളത്തിലെ യുവജനങ്ങൾക്ക് വിപുലമായ അവസരങ്ങളാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നൽകുന്നത്. KASE നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രാധാന്യം മനസ്സിലാക്കിയ സമിതി KASE-ന്റെ വിവിധ പദ്ധതികൾ സംബന്ധിച്ച് 14-8-2019-ൽ ചേർന്ന യോഗത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. KASE മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനങ്ങളും പരിമിതികളും എന്തെല്ലാമാണെന്നും ഇത് സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാമെന്നതിനെക്കുറിച്ചും സമിതി അവലോകനം നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2. ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ്

എക്സലൻസ് (KASE), 1956-ലെ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം 2012-ൽ രൂപീകൃതമായ ഒരു കമ്പനിയാണ്. കേരളത്തിന്റെ എല്ലാവിധ നൈപുണ്യ വികസന പരിശീലന പദ്ധതികളുടെ ഏകോപനവും ഫലവത്തായ പദ്ധതി നിർവഹണവും ഉറപ്പാക്കുന്നതിനായി 28-5-2018 തീയതിയിലെ സ.ഉ(എം.എസ്)നമ്പർ 47/2018/തൊഴിൽ പ്രകാരം KASE-നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. KASE മുഖേന കേന്ദ്ര സർക്കാർ പദ്ധതികളും സംസ്ഥാന സർക്കാർ പദ്ധതികളും നടപ്പിലാക്കി വരുന്നു.

### കേന്ദ്ര സർക്കാർ പദ്ധതികൾ

### 1. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന(PMKVY)

3. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന തൊഴിൽരഹിതർക്ക് വ്യാവസായിക മേഖല ആവശ്യപ്പെടുന്ന രീതിയിലുള്ള നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കി മെച്ചപ്പെട്ട ജീവിത സൗകര്യം ലഭ്യമാക്കുക എന്നതാണ് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പിന്റെ പ്രധാന പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY)-യുടെ ലക്ഷ്യം. പ്രധാനമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-2020)-പദ്ധതിയുടെ നോഡൽ ഏജൻസിയായി KASE-നെ നിയോഗിച്ചിട്ടുണ്ട്. 2020 ഓടുകൂടി 35611 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതിയിലേയ്ക്കായി 88,01,03,952 രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

4. പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ ഗഡുവായി 22 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു കിട്ടിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഉചിതമായ പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനായുള്ള Expression of Interest (EoI) ക്ഷണിക്കുകയും 72 പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുകയും ചെയ്തതിൽ 21 സർക്കാർ ITI കളും ഉൾപ്പെടുന്നുണ്ട്. 35611 യുവജനങ്ങളെ PMKVY പദ്ധതി പ്രകാരം പരിശീലിപ്പിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ടാർഗറ്റ് അനുവദിച്ചിട്ടുണ്ട്. കോഴ്സുകൾ ആരംഭിക്കുന്നതിന് മുൻപ് പരിശീലന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ, കോഴ്സുകളുടെ അഫിലിയേഷൻ, ബയോമെട്രിക് ഹാജർ സംവിധാനം, പരിശീലകർക്കുള്ള Taining of Trainer (ToT) സർട്ടിഫിക്കറ്റ് തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിൽ 314 യുവാക്കൾക്ക് പരിശീലന പദ്ധതിയിലൂടെ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 10488 പേർ പരിശീലനം നേടി വരുന്നു. കുറഞ്ഞത് 70 ശതമാനം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ പദ്ധതി മാർഗ രേഖ ശിപാർശ ചെയ്യുന്നു. മറ്റ് പരിശീലന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ പേർക്ക് പരിശീലനം നൽകുവാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു.

5. PMKVY 2.0 പദ്ധതി പ്രകാരം ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നില്ലെങ്കിലും യൂണിഫോം, ഹാൻഡ്ബുക്ക് തുടങ്ങിയവ സൗജന്യമായി നൽകുന്നുണ്ടെന്നും പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 500 രൂപ Direct Benefit Transfer (DBT) ആയി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്നും കേന്ദ്ര സർക്കാർ അനുവദിച്ച ആദ്യ ഗഡു പൂർണ്ണമായി ചെലവഴിച്ച് ഇതു സംബന്ധിച്ച യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി അടുത്ത ഗഡു തുക നേടിയെടുക്കണമെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. SANKALP (Skills Acquisition and knowledge Awareness for Livelihood Promotion)

6. ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിങ്, സംസ്ഥാനത്തെ നൈപുണ്യവികസന പദ്ധതികളെ ഏകോപിപ്പിക്കുക, വിവിധ മേഖലകളിൽ വിദഗ്ധരായ പരിശീലകരുടെയും അസ്സെസ്സേഴ്സിന്റെയും ഒരു ശേഖരം ഉണ്ടാക്കുക, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ, ഭിന്നശേഷിക്കാർ തുടങ്ങി ദുർബല വിഭാഗങ്ങൾക്കായുള്ള വിവിധ നൈപുണ്യവികസന പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേന്ദ്രസർക്കാർ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സങ്കൽപ്.

7. സങ്കൽപ് പദ്ധതിയുടെ ഭാഗമായി ഡിസ്ട്രിക് സ്കില്ലിങ് കമ്മിറ്റികൾ 14 ജില്ലകളിലും രൂപീകരിക്കേണ്ടതും ജില്ലാതലത്തിൽ പ്രസ്തുത കമ്മിറ്റികൾ സമർപ്പിക്കുന്ന ഡിസ്ട്രിക് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ സമാഹരിച്ച് സംസ്ഥാനത്തിന് പൊതുവിൽ ഒരു വാർഷിക സ്കിൽ ഡെവലപ്മെന്റ് പദ്ധതി ആവിഷ്കരിക്കുകയും തുടർന്ന് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പിന്റെ അംഗീകാരം ലഭിച്ചശേഷം സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ 14 ജില്ലകളിലും ഡിസ്ട്രിക് സ്കില്ലിങ് കമ്മിറ്റികൾ രൂപീകരിക്കുകയും സംസ്ഥാന സർക്കാർ 9.64 കോടി രൂപയുടെ പ്രൊപ്പോസൽ മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി കേന്ദ്ര വികസന സംരംഭകത്വ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചർച്ചയുടെ അനന്തരഫലമായി സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി 7.41 കോടി രൂപ വരെ അർഹതയുണ്ടെന്ന് കേന്ദ്രമന്ത്രി 3-3-2020-ലെ DO No.MSDE/ 2020/615 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സംസ്ഥാന സർക്കാർ പദ്ധതികൾ

8. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ (Centers of Excellence) സ്ഥാപിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ KASE സ്വീകരിച്ച് വരുന്നു.

## I മികവിന്റെ കേന്ദ്രങ്ങൾ

1. NICE (Nursing Institute for Career Enhancement)

9. നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു. യു.എ.ഇ. ആസ്ഥാനമായുള്ള NMC Healthcare-ന്റെ കീഴിലുള്ള Trivandrum Specialists Hospital മായി സഹകരിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയവിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര, തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങൾ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. മിനിസ്ട്രി ഓഫ് ഹെൽത്ത്, ഹെൽത്ത് അതോറിറ്റി, ഖത്തർ മിനിസ്ട്രി ഓഫ് ഹെൽത്ത് തുടങ്ങിയവയുടെ യോഗ്യത പരീക്ഷകൾക്കായുള്ള പ്രത്യേക പരിശീലനവും പാഠ്യ പദ്ധതിയുടെ ഭാഗമാണ്. നിലവിൽ 555 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 190 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

10. ഗൾഫ്/യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ലഭിക്കുന്ന നഴ്സുമാർക്ക് പ്രസ്തുത രാജ്യത്തെ ഭാഷാ പരീക്ഷ പാസാകുന്നതിനായി പ്രത്യേക ഫാക്കൽറ്റിയെ നിയമിച്ച് കമ്പ്യൂട്ടർ മുഖാന്തരം ഭാഷ പഠിപ്പിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് വളരെയധികം ജോലി സാധ്യതകളാണുള്ളതെന്ന് നിരീക്ഷിച്ച സമിതി ഇതുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2. CATS (Centre for Advanced Training in Security)

11. സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു. Diploma in Security Management, Unarmed Security Guard, Post Graduate Diploma in Cyber Security, Diploma in Cyber Security, Certificate

in Information Security എന്നീ കോഴ്സുകൾ ആണ് നിലവിലുള്ളത്. നിലവിൽ 205 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 108 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

3. ESPOIR (Enlighten Skills Program for Oil & Rig)

12. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOIR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഖത്തർ ആസ്ഥാനമായുള്ള Eram Scientific Solutions Pvt Ltd മായി സഹകരിച്ചാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. Instrument Techician, Industrial Electrician, Welder, Pipe Fabricator, Pipe Fitter തുടങ്ങി വിവിധ ട്രേഡുകളിൽ മികച്ചരീതിയിൽ പരിശീലനം നൽകിവരുന്നു. നിലവിൽ 988 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 678 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

4. CRETT (Centre for Research in Education and Teacher Training)

13. ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016-ന് പ്രവർത്തനം തുടങ്ങി. ഇതുവരെ 27 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 25 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. നിലവിൽ പരിശീലനം നടക്കുന്നില്ല. എന്നാൽ ഈ സെന്ററിൽ പുതിയ ബാച്ച് ഉടൻ തന്നെ ആരംഭിക്കും.

5. School of Water Technology (SWAT)

14. കൊച്ചിയിൽ പ്രവർത്തിക്കുന്ന Green Method Engineering എന്ന സ്ഥാപനത്തെ Waste Water treatment മേഖലയിൽ മികവിന്റെ കേന്ദ്രമാക്കുകയും "Certified Course in Water and Waste Water Treatment Plant Operator/Helper" എന്ന കോഴ്സിന്റെ പരിശീലനം പുരോഗമിച്ചുവരികയും ചെയ്യുന്നു. നിലവിൽ 33 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 26 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

**II. KASE കോഴ്സ് അംഗീകാരം (Accreditation) നൽകിയ സ്ഥാപനങ്ങൾ**

15. ഉന്നതനിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് KASE-ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലനപദ്ധതി ലോകോത്തര നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും അതിന്റെ ഫലമായി മികച്ച ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാനുള്ള അവസരം ലഭിക്കുന്നതിനും സാധിക്കുന്നു. അക്രഡിറ്റഡ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി Expression of Interest ക്ഷണിച്ച ശേഷം, ഇതിനായി രൂപീകരിച്ച വിദഗ്ധരടങ്ങിയ വിവിധ സമിതികൾ പാഠ്യപദ്ധതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധിക്കുകയും അക്രഡിറ്റേഷൻ നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ അക്രഡിറ്റേഷൻ നൽകിയ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

- മെക്കാനിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ അടിസ്ഥാന സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ വിദ്യാർത്ഥികൾക്കായി നൈപുണ്യപരിശീലനം നൽകുന്ന Induscan Petroleum Institute, Nilambur-ന്റെ Quality Control Engineer, Quality Control Inspector, Skilled Engineer എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 238 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 165 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- ആയുർവേദമേഖലയിൽ നൈപുണ്യപരിശീലനം നൽകുന്ന ധന്വന്തരി വൈദ്യശാലയുടെ Diploma in Ayurveda Nursing, Diploma in Panchakarma therapy, Diploma in Ayurveda Pharmacy എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 346 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 166 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- ടൂറിസം & ഹോസ്പിറ്റാലിറ്റി മേഖലയിൽ നൈപുണ്യപരിശീലനം നൽകുന്ന Atheos Institute of Skill Excellence, Palakkad-ന്റെ Housekeeping attendant, Kitchen Steward, Food and Beverage ട്രെയിനി എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. പരിശീലനം നൽകിയ 440 പേർക്കും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- ഓട്ടോമേഷൻ മേഖലയിൽ നൈപുണ്യപരിശീലനം നൽകുന്ന കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന SMEC Automation Pvt. Ltd-ന്റെ Certified Automation എഞ്ചിനീയർ എന്ന കോഴ്സിന് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 132 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 46 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- കൊച്ചിയിൽ പ്രവർത്തിക്കുന്ന M/s Blitz Academy എന്ന സ്ഥാപനം നടത്തുന്ന എഞ്ചിനീയറിംഗ് മേഖലയിലെ ASNT NDT Level II, Welding Inspection, Piping and Pipeline Engineering, Mechanical QA/QC, Civil QA/QC and Quantity Surveying എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 1110 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 781 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന M/s Sports Research Management Institute എന്ന സ്ഥാപനം നടത്തുന്ന കായിക മേഖലയിലെ PG Diploma in Sports Management, Certified Sports Manager, Advanced Diploma in Sports Business and Advanced Diploma in Sports Engineering എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 54 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 32 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

- തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന M/s Intercad Systems എന്ന സ്ഥാപനം നടത്തുന്ന എഞ്ചിനീയറിംഗ് മേഖലയിലെ KASE അംഗീകാരം ഉള്ള Revit Architecture, 3DS Max Design, Diploma in Mechanical CAD, PTC Creo, AutoCAD എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 67 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 34 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.
- കൊച്ചിയിൽ പ്രവർത്തിക്കുന്ന M/s Hedge School of Applied Economics എന്ന സ്ഥാപനം നടത്തുന്ന ബാങ്കിങ് മേഖലയിലെ KASE അംഗീകാരം ഉള്ള Certification in Financial Services Marketing/Operations, Internship in Services/Marketing/ Financial Services Operations, Foundation Program in Banking and Financial Services എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. നിലവിൽ 2224 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 396 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

## III. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

16. കെട്ടിട നിർമ്മാണ മേഖലയിൽ നിലനില്ക്കുന്ന വിദഗ്ദ്ധതൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പ് KASE മുഖാന്തരം നടപ്പാക്കുന്ന നൂതന ആശയമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ(IIIC). കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തനസജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ(IIIC)-ന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെയും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തിയായി. 7500 sq.ft. വീതമുള്ള 3 ട്രെയിനിങ് വർക്ക് ഷോപ്പുകളും 30 മുതൽ 40 വരെ വിദ്യാർത്ഥികളെ വീതം ഉൾക്കൊള്ളാവുന്ന 32 ക്ലാസ്സ്റൂമുകളും 15 വിദ്യാർത്ഥികളെ വീതം ഉൾക്കൊള്ളാവുന്ന 6 ക്ലാസ് റൂമുകളും 2 കമ്പ്യൂട്ടർ റൂമുകളും, 2 ഓഫീസ് റൂമുകളും 5 സ്റ്റാഫ് റൂമുകളും ലിഫ്റ്റും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. IIIC പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ വ്യവസായ പങ്കാളികളിൽ നിന്നും RFP (Request For Proposal) ക്ഷണിക്കുകയും അതിൽ ഒൻപതാം തവണ M/s Uralungal Labour Contract Co-operative Society Ltd-നെ IIIC-യുടെ സ്കില്ലിങ് പാർട്ണർ ആയി തെരഞ്ഞെടുക്കുകയും ചെയ്തു. കെട്ടിട നിർമ്മാണ മേഖലയിലെ മേസണറി, കാർപെന്ററി, പ്ലംബിംഗ് മുതൽ മാനേജീരിയൽ തലം വരെയുള്ള തൊഴിലുകൾ നേടുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഉതകുന്ന കോഴ്സുകളാണ് IIIC-ൽ ലഭ്യമായിട്ടുള്ളത്. നിലവിൽ 50 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതിൽ 41 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

## IV. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

17. പരമ്പരാഗതരീതിയും ആധുനികരീതിയും സംയോജിപ്പിച്ച ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ 2008 മുതൽ പ്രവർത്തിച്ചുവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ സഹായത്തോടെ സംസ്ഥാനനൈപുണ്യ വികസനമിഷന്റെ മേൽനോട്ടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. അഞ്ചു സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്റ്റ് ഡിസൈൻ, ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ & അപ്പാരൽ ഡിസൈൻ, ഐടി ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ എന്നീ പി. ജി. ഡിപ്ലോമ കോഴ്സുകളാണ് KSID നടത്തി വരുന്നത്. 2013-ലെ സർക്കാർ ഉത്തരവ് പ്രകാരം KSID 2014-ൽ KASE മായി ലയിപ്പിച്ചു. 2018-ൽ KSID "ഇന്ത്യാ ഫാഷൻ സമ്മിറ്റ്" സംഘടിപ്പിച്ചിട്ടുണ്ട്. 2018-ൽ അന്വയ (Anvaya) എന്ന പേരിൽ ഒരു ഡിസൈൻ സമ്മിറ്റ് സംഘടിപ്പിക്കുകയും ഡിസൈൻ മേഖലയിൽ കഴിവ് പ്രകടിപ്പിച്ച വിദ്യാർത്ഥികൾക്ക് ORION-KSID Innovation Award വിതരണം ചെയ്യുവെന്നും സമിതി മനസ്സിലാക്കുന്നു.

18. കെ.എസ്.ഐ.ഡി. യിൽ ആകെ 30 സീറ്റുകളാണുള്ളതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അഫിലിയേഷൻ കെ.എസ്.ഐ.ഡി.ക്ക് ഇല്ലാത്തതിനാൽ പി.ജി.ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്നുവെന്നതാണ് സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്ന് സമിതി വിലയിരുത്തി. കോഴ്സ് പാസ്സാകുന്നതിനു മുൻപ് തന്നെ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നതുകൊണ്ടാണ് അഫിലിയേഷൻ സംബന്ധിച്ച് ഇതുവരെ പ്രശ്നമുണ്ടാകാതിരുന്നതെന്നും എന്നാൽ കഴിഞ്ഞ 2 വർഷമായി കുട്ടികൾ ഉയർന്ന ജോലിക്കുവേണ്ടി ശ്രമിക്കുന്നതിനാൽ അഫിലിയേഷൻ ഇല്ലാത്തതിനെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ മേഖലയിൽ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു വലിയ സ്ഥാപനമായി മാറ്റിയെടുക്കണമെന്ന് ഉദ്ദേശിച്ചാണ് KSID ആരംഭിച്ചതെന്നും 2013-ൽ ഇത് KASE-ന്റെ ഭാഗമായി മാറ്റിയെങ്കിലും മുൻപുള്ള നില ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണെന്നും ടി സ്ഥാപനത്തിന് ഇപ്പോൾ സ്വതന്ത്രപദവിയില്ലെന്നും സമിതി മനസ്സിലാക്കുന്നു. <u>ടി സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിക്കായി 2019-ൽ പാർലമെന്റ് പാസ്സാക്കിയ എൻ.ഐ.ഡി. ആക്ട് (National Institute of Design) ന്റെ മാതൃകയിൽ കെ.എസ്.ഐ.ഡി. നിയമം പാസ്സാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

19. സർഗാലയ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ക്രാഫ്റ്റ് മേളകളിലുള്ള കെ.എസ്.ഐ.ഡി.യുടെ പങ്കാളിത്തം കൂടുതൽ ഉദ്യോഗാർത്ഥികളെ പഠനത്തിനായി ഈ സ്ഥാപനത്തിലേക്ക് ആകർഷിക്കാൻ സാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിന്റെ ഭാഗമായി പരിശീലന പരിപാടികൾ നവീകരിച്ച് മൂന്ന് പരിപാടികൾ തയ്യാറാക്കിയതിൽ ട്രഡിഷണൽ കാർപ്പന്ററി പ്രോഗ്രാം ആരംഭിക്കാൻ പോകുകയാണെന്നും കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ഓപ്പൺ ഹൗസ് നടത്തിയതിന്റെ ഫലമായി തിരുവനന്തപുരത്ത് മൂന്നാമത്തെ ഫാബ്‌ലാബിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

## V. കരിയർ ഡെവലപ്പ്മെന്റ് സെന്റർ

20. തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കരിയർ ഡെവലപ്‌മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. നാഷണൽ എംപ്ലോയ്‌മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലാണ് കരിയർ ഡെവലപ്‌മെന്റ് സെന്റർ പ്രവർത്തിക്കുന്നത്. KASE-മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു. നെയ്യാറ്റിൻകര, പേരാമ്പ്ര, ചിറ്റൂർ, കായംകുളം, പാലോട് എന്നിവിടങ്ങളിൽ കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ പുതിയ കരിയർ ഡെവലപ്‌മെന്റ് സെന്ററിന്റെ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്.

21. കരിയർ ഡെവലപ്‌മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി KELTRON-ന്റെ സഹായത്തോടുകൂടി വികസിപ്പിച്ച ഒരു ഓൺലൈൻ MIS മുഖേന രജിസ്ട്രേഷൻ ആരംഭിക്കുകയും MIS-ന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി cdc.kemetric.in എന്ന ഒരു ഓൺലൈൻ വെബ്പോർട്ടൽ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

22. 2017 ഫെബ്രുവരി മുതൽ മാർച്ച് 2019 വരെ കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ വഴി വിവിധയിനം മത്സരപരീക്ഷകൾക്ക് 11,630 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയെന്നും സമിതി മനസ്സിലാക്കുന്നു.

23. എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്‌മെന്റ് സെന്റർ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും CDC-യുടെ പല പദ്ധതികളും KASE-ന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിയന്ത്രണത്തിലുമാണ് നടപ്പിലാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

24. KASE ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ പുതിയതായി ആരംഭിച്ച ധനസ്സ് എന്ന പദ്ധതിയിൽ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സർക്കാർ കോളേജിലെ അദ്ധ്യാപകരുടെ കീഴിൽ പ്രത്യേക പരിശീലനം നൽകി ഉയർത്തിക്കൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും പ്രസ്തുത പരിപാടി വിജയിപ്പിക്കുവാൻ കഴിഞ്ഞാൽ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസിലാക്കുന്നു. പേരാമ്പ്രയിലുള്ള സി.ഡി.സി.യുടെ പരിശ്രമഫലമായി കേരളത്തിന് പുറത്ത് ഏകദേശം 40-ലധികം കോളേജുകളിലും യൂണിവേഴ്സിറ്റികളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരിശീലനത്തിലൂടെ വിജയം കൈവരിക്കാനും പുതിയ തൊഴിലവസരങ്ങൾ നേടാനും സാധിക്കുന്നുണ്ടെന്നും പാലക്കാട് ഐ.എ.എസ്. കോച്ചിംഗ് ഉൾപ്പെടെ നടത്തുന്നുണ്ടെന്നും 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഭാവിയിലും പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VI. എംപ്ലോയബിലിറ്റി സെന്റർ

25. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന മാർച്ച് 2019 വരെ 1,67,164 പേർ രജിസ്റ്റർ ചെയ്യുകയും, 1,20,637 പേർക്ക് അസ്സെസ്സ്മെന്റ് ടെസ്റ്റ് നടത്തി 1,11,687 പേർക്ക് ബേസിക് ഐ.ടി. കമ്മ്യൂണിക്കേഷൻ, ഇന്റർവ്യൂ സ്കിൽസ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും സ്വകാര്യ പങ്കാളികൾ വഴിയുള്ള കരാർ അവസാനിച്ച ഘട്ടത്തിൽ എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റ് തന്നെ നേരിട്ട് എംപ്ലോയബിലിറ്റി സെന്ററുകൾ നടത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ 1320 തൊഴിൽ മേളകൾ സംഘടിപ്പിക്കുക വഴി 28,140 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

## VII. കൗശൽകേന്ദ്രങ്ങൾ

26. ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനായി വിവിധയിനം പരിശീലന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് കേരളത്തിൽ കൊല്ലം ജില്ലയിലെ ചവറയിലും, പാലക്കാട് ജില്ലയിലെ കുറ്റനാട്ടും, കോഴിക്കോട്ടും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കോഴിക്കോട് മാനാഞ്ചിറ പബ്ലിക് ലൈബ്രറിയിൽ നിന്നും കൗശൽ കേന്ദ്ര മാറ്റി സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നുവെന്ന് മനസ്സിലാക്കിയ സമിതി ടി സ്ഥാപനം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## VIII. സ്റ്റേറ്റ് ജോബ് പോർട്ടൽ

27. സമൂഹത്തിലെ വിവിധ മേഖലകളിൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം തൊഴിൽ രംഗങ്ങളിൽ വിദഗ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനമായ " സ്റ്റേറ്റ് ജോബ് പോർട്ടൽ" (www.statejobportal.kerala.gov.in) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായാണ് ജോബ് പോർട്ടൽ പ്രവർത്തിക്കുന്നത്. തൊഴിൽ അന്വേഷിക്കുന്നവർക്ക് സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ഇതിലൂടെ കണ്ടെത്തുന്നതിന് സാധിക്കുന്നതാണ്. തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ ഇതിലൂടെ കണ്ടെത്താവുന്നതാണ്.

28. സമൂഹത്തിലെ നാനാ തുറയിലുമുള്ള മേഖലകൾക്കും ആവശ്യമായ തൊഴിൽ വൈദഗ്ധ്യമുള്ളവരെ ലഭ്യമാക്കുവാൻ ഉതകുന്നതരത്തിലുള്ള ഒരു "ONE STOP SHOP" ആയിട്ടായിരിക്കും ഈ ജോബ് പോർട്ടൽ പ്രവർത്തിക്കുന്നത്. കാർഷിക, വ്യാവസായിക സേവന മേഖലകളിലെ മൂലധന നിക്ഷേപകർക്കും സംരംഭകർക്കും അതതു മേഖലകളിൽ നിപുണരായ തൊഴിലാളികളെയും പ്രൊഫഷണലുകളെയും കണ്ടെത്തുന്നതിന് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ സാധിക്കും. അടിസ്ഥാന തലം മുതൽ മാനേജ്മെന്റ് തലം വരെയുള്ള മേഖലകളിലെ തൊഴിലവസരങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഈ ജോബ് പോർട്ടൽ സഹായകമാണ്. എല്ലാ മേഖലകളിലെയും മൂലധന നിക്ഷേപകർക്ക് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം ഉണ്ടാകും.

29. പോർട്ടലിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, തൊഴിലന്വേഷണം തുടങ്ങിയവയും രണ്ടാം ഘട്ടത്തിൽ സ്കിൽ രജിസ്ട്രി, ഡി.ജി.എം. ലോക്കർ സംവിധാനം, ലേർണിംഗ് മാനേജ്മെന്റ് സംവിധാനം, ജോബ് പോർട്ടൽ ആൻഡ് സ്കിൽ രജിസ്ട്രി മൊബൈൽ ആപ്, ജോബ് ബ്ലോഗ് എന്നിങ്ങനെയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. കാഷ്വൽ ജോലിക്കായുള്ള സെൽഫ് ഹെൽപ് ഗ്രൂപ്പ്, ജോബ് ഫെയർ, മറ്റു പോർട്ടലുകളുമായുള്ള സംയോജനം, കൗൺസിലിംഗ്, ബയോഡാറ്റ തയ്യാറാക്കൽ എന്നീ സൗകര്യങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്.

30. വിവിധ സർവ്വകലാശാലകൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഏകീകരണത്തിലൂടെ തൊഴിൽ നൈപുണ്യവുമായി

ബന്ധപ്പെട്ട വിപുലമായ സ്കിൽ രജിസ്ട്രി തയ്യാറാക്കാനും ഏകീകൃത ഡാറ്റാബേസ് ലഭ്യമാക്കാനും പോർട്ടലിലൂടെ സാധിക്കും. വിദഗ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരിക്കുന്നതിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, വീട്ടുജോലിക്കാർ എന്നിങ്ങനെ വിവിധങ്ങളായ ദൈനംദിന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ ഒരു വിരൽ തുമ്പിൽ തന്നെ ലഭ്യമാകുന്ന സംവിധാനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ആപ്പ് വഴിയും ഈ സൗകര്യം തൊഴിൽ അന്വേഷകർക്കും, തൊഴിൽ ദാതാക്കൾക്കും മറ്റു മൂലധന നിക്ഷേപകർക്കും ഉപയോഗപ്പെടുത്താൻ കഴിയുന്നതുമാണ്.

31. ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രാജ്യാന്തര പ്രൊഫഷണൽ നെറ്റ്‌വർക്ക് ആയ ലിങ്ക്ഡ് ഇൻ-ന്റെ സേവനം ലഭ്യമാകുന്നതാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ലിങ്ക്ഡ് ഇൻ പ്രൊഫൈൽ സ്വന്തമാക്കാൻ സാധിക്കും. ലിങ്ക്ഡ് ഇൻ പ്രൊഫൈൽ ഉള്ളവർക്ക് അത് വഴി ജോബ് പോർട്ടലിലെ സേവനം ലഭ്യമാക്കാനും സാധിക്കും. ലിങ്ക്ഡ് ഇൻ നെറ്റ്‌വർക്ക് വഴിയുള്ള തൊഴിലവസരങ്ങൾ ഇതിലൂടെ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ റെസ്യൂമെ തയ്യാറാക്കി പ്രൊഫൈൽ സേവ് ചെയ്യുവാനും കാലാകാലങ്ങളായി അപ്ഗ്രേഡ് ചെയ്ത് ഉപയോഗിക്കുവാനും, സർട്ടിഫിക്കറ്റുകൾ പരിശോധനകൾക്ക് വിധേയമായ ശേഷം ഇതിൽ അപ്‌ലോഡ് ചെയ്ത് സൂക്ഷിക്കുവാനും ഇതിലൂടെ സാധിക്കും. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിലൂടെയാണ് പ്രവർത്തന സജ്ജമാക്കിയത്. 8-8-2019 വരെ 39491 തൊഴിലന്വേഷകർ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4238 തൊഴിലന്വേഷകർ മാത്രമാണ് അവരുടെ പ്രൊഫൈൽ പൂർത്തിയാക്കി ജോലിക്ക് യോഗ്യത നേടിയത്. 107 തൊഴിലുടമകൾ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനുപുറമേ 291 തൊഴിലുടമകൾ അടിസ്ഥാന രജിസ്ട്രേഷൻ പ്രക്രിയ നടത്തിയിട്ടുണ്ട്.

32. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ജോബ് പോർട്ടൽ ആരംഭിച്ചതിനുശേഷം തുടങ്ങിയ സി.ഡി.സി.ക്ക് സ്റ്റുഡൻസിന്റെ ഭാഗത്തുനിന്നുണ്ടായതുപോലുള്ള പ്രതികരണം ജോബ് പോർട്ടലിന് ഉണ്ടാകാത്തതിനാൽ അതിനായി ബോധവൽക്കരണ പരിപാടി നടത്തേണ്ടി വരുമെന്നും കേരളത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണവും ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണവും തമ്മിൽ വളരെ വ്യത്യാസമാണുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. താഴെക്കിടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് സഹായകരമായ നിലയിൽ ജോബ് പോർട്ടൽ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## IX. സ്കിൽ രജിസ്ട്രി

33. ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി (www.keralaskillregistry.com) ' എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിദഗ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരണത്തിലൂടെ പ്ലമ്പർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിൽ എന്നിങ്ങനെ വിവിധങ്ങളായ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽ തുമ്പിൽ ലഭ്യമാകും. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവ്വീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഏകീകരണത്തിലൂടെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട വിപുലമായ സ്കിൽ രജിസ്ട്രി തയ്യാറാക്കാനും ഏകീകൃത ഡാറ്റാബേസ് ലഭ്യമാക്കാനും സ്കിൽ രജിസ്ട്രി പോർട്ടലിലൂടെ സാധിക്കും. 2019 ജൂലൈ മാസം 10-ന് സ്കിൽ രജിസ്ട്രിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന രീതിയിൽ വെബ് പോർട്ടൽ ആയും മൊബൈൽ ആപ്പ് ആയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൂന്ന് വിഭാഗങ്ങളിലായി എ.സി. സർവ്വീസ് ആൻഡ് റിപ്പയർ, റെഫ്രിജറേറ്റർ സർവ്വീസ് ആൻഡ് റിപ്പയർ, വാഷിംഗ് മെഷീൻ സർവ്വീസ് ആൻഡ് റിപ്പയർ, ടെലിവിഷൻ സർവ്വീസ് ആൻഡ് റിപ്പയർ, കമ്പ്യൂട്ടർ സർവ്വീസ് ആൻഡ് റിപ്പയർ, കാർപ്പെന്റർ, പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക ജോലിക്കാർ, തെങ്ങുകയറ്റക്കാർ എന്നിങ്ങനെ വിവിധ സേവനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യങ്ങൾക്ക് അനുസൃതമായി കൂടുതൽ സേവനങ്ങൾ ഉൾക്കൊള്ളിക്കാവുന്നതുമാണ്.

## X. പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന KIIFB പദ്ധതി

34. പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന KIIFB പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി KASE-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യ്ക്ക് സമർപ്പിക്കുകയും, പദ്ധതിയ്ക്കുള്ള തുക അനുവദിച്ചു കൊണ്ട് 2019 മാർച്ച് മാസം KIIFB ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇത് പ്രകാരം പദ്ധതിക്കായി 82.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഐ.ടി.ഐ. | അനുവദിച്ച തുക (കോടി തുകയിൽ) |
|---|---|---|
| 1 | ITI ധനുവച്ചപുരം | 11.359 |
| 2 | ITI ചന്ദനത്തോപ്പ് | 3.98 |
| 3 | ITI ചെങ്ങന്നൂർ | 19.758 |
| 4 | ITI ഏറ്റുമാനൂർ | 7.768 |
| 5 | ITI കട്ടപ്പന | 5.58 |
| 6 | ITI ചാലക്കുടി | 8.92 |
| 7 | ITI മലമ്പുഴ | 12.79 |
| 8 | ITI കൊയിലാണ്ടി | 4.006 |
| 9 | ITI കണ്ണൂർ | 4.107 |
| 10 | EK നായനാർ മെമ്മോറിയൽ ഗവ. ITI കയ്യൂർ | 4.23 |
| | Total | 82.498 |

35. ടി പദ്ധതിയുടെ ടെക്നിക്കൽ അനുമതി (TS) നൽകുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. ഗവൺമെന്റ് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയാണ് TS നൽകുന്നത്. മലമ്പുഴ, കൊയിലാണ്ടി, ധനുവച്ചപുരം എന്നിവിടങ്ങളിലെ ഐ.ടി.ഐ.-കൾക്കാണ് ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചതെന്നും അവയുടെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ബാക്കി ഏഴ് ഐ.ടി.ഐ.-കളുടേയും സ്ട്രക്ച്ചറൽ വെറ്റിംഗ് നടന്നുവരുന്നുവെന്നും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജാണ് പ്രവൃത്തി നടത്തുന്നതെന്നും രണ്ട് ഐ.ടി.ഐ.-കളുടെ സ്ട്രക്ച്ചറൽ വെറ്റിംഗ് കഴിഞ്ഞിട്ടുണ്ടെന്നും വെറ്റിംഗ് കഴിഞ്ഞുവരുന്ന മുറയ്ക്ക് മറ്റ് നടപടികൾ ഒരു മാസം കൊണ്ട്

പൂർത്തിയാക്കാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. 2019 മാർച്ച് മാസത്തിൽ KIIFB-ൽ ഉൾപ്പെടുത്തുന്നതിന് മുമ്പ് 2016 ഡിസംബറിൽ പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനമെടുത്തിട്ടും നാളിതുവരെയായി ഒരു ഐ.ടി.ഐ.-യുടെ വർക്കുപോലും തുടങ്ങാൻ സാധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ഇത്തരം പദ്ധതികൾ നടപ്പിലാക്കാതെ നീട്ടികൊണ്ടുപോകുന്നത് ഗുണകരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>ഇതു സംബന്ധിച്ച പ്രവർത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## XI. മറ്റു പദ്ധതികൾ

36. സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബശ്രീ നേരിട്ട് നടപ്പിലാക്കിവരുന്ന ജെറിയാട്രിക് കെയർ, ഡ്രൈവിംഗ് എന്നീ കോഴ്സുകൾക്ക് KASE ധനസഹായം നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി സഹകരിച്ച് ടി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനത്തിന് സഹായം നൽകി വരുന്നു.

## KASE ന്റെ ഭാവി പദ്ധതികൾ

37. Tourism and Hospitality, IT-ITeS, Sports, Automotive എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും Research & Development wing-ലൂടെ നൈപുണ്യ അന്തരം കണ്ടെത്തി നൂതനമേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ KASE-ന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസിലാക്കുന്നു.

38. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനും Directorate of Sports and Youth Affairs, സാമൂഹ്യനീതിവകുപ്പ് തുടങ്ങി മറ്റു വകുപ്പുമായി സഹകരിച്ച് പുതിയ നൈപുണ്യവികസന പദ്ധതികൾ ആരംഭിക്കുന്നതിനും ട്രൈബൽ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ തുടങ്ങുന്നതിനും പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം, വയനാട് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുന്നതിനും KSID യിൽ ഡിസൈൻ എഡ്യൂക്കേഷന്റെ പുതു മേഖലകളിൽ പി.ജി. ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനും KSID-യിൽ പുതുതായി കൂടുതൽ ബാച്ചിലേഴ്സ് ഡിഗ്രി പ്രോഗ്രാമുകൾ ഉൾപ്പെടുത്തുന്നതിനും IIIC-യിൽ മാറുന്ന തൊഴിൽ വിപണിക്കും പുത്തൻ ആശയങ്ങൾക്കും അനുസൃതമായി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിനും മറ്റുമുള്ള പദ്ധതികൾ KASE-ന്റെ പരിഗണനയിലുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

39. സ്കിൽ രജിസ്ട്രിയിലേക്ക് പ്രാദേശിക തലത്തിലെ വിവിധ മേഖലകളിൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത വിദഗ്ധ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നുണ്ടെന്നും അതാത് മേഖലയിലെ അവരുടെ പ്രവർത്തി പരിചയം കൂടി വിലയിരുത്തി പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാർഡ് തലത്തിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത നടപടികളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തികരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. സംസ്ഥാനത്തെ വിവിധ കോളേജുകൾക്ക് ജോബ് പോർട്ടലിലേക്ക് ഒറ്റത്തവണ രജിസ്റ്റർ ചെയ്യുകൊണ്ട് തന്നെ അവിടെ പഠിച്ചിറങ്ങുന്ന കുട്ടികളുടെ വിവരങ്ങൾ പോർട്ടലിൽ ഉൾക്കൊള്ളിക്കാനും ഇതിലൂടെ ഈ സേവനം കൂടുതൽ ഉദ്യോഗാർത്ഥികളിലേക്ക് എത്തിക്കുവാനും സാധിക്കുമെന്നും ഇതോടൊപ്പം വിവിധ യൂണിവേഴ്സിറ്റികളെയും ഇതുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ഡിജിലോക്കർ ഫെസിലിറ്റി, ഡാറ്റാ അനാലിസിസ്, എ.പി.ഐ. ഇന്റഗ്രേഷൻ എക്രോസ്സ് പ്ലാറ്റ്ഫോംസ് മാനേജ്മെന്റ് സിസ്റ്റംസ്, ജോബ് ബ്ലോഗ്സ് തുടങ്ങിയ സംവിധാനങ്ങൾ കൂടി ജോബ് പോർട്ടലിനൊപ്പം വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി KASE-ന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. KASE മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ സി.ഡി.സി, ജോബ് പോർട്ടൽ, KSID, NICE എന്നിവയുടെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ മാത്രം ചർച്ച ചെയ്യപ്പെടുന്ന വിഷയമായി മാറാതെ ഇതു സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും വഴി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. വൈവിധ്യവും തൊഴിൽ സാധ്യതയേറിയതുമായ ലോജിസ്റ്റിക് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിസൈൻ, ലാംഗേജ് ട്രാൻസലേഷൻ സ്കിൽസ് തുടങ്ങി പുതിയ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. സ്റ്റീൽ ഡെവലപ്പ്മെന്റിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന പരിഗണനയ്ക്കനുസരിച്ച് KASE -ന്റെ എല്ലാ സംവിധാനങ്ങളും ശക്തിപ്പെടുത്തണമെന്നും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

45. കേരളത്തിന്റെ ജനസംഖ്യാപരമായ സവിശേഷതകൾ വിലയിരുത്തി പ്രത്യേകമായ കഴിവുകൾക്കനുസരിച്ചുള്ള മാതൃകകൾ സ്വീകരിക്കുകയും, വാണിജ്യ കേന്ദ്രങ്ങളുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന എല്ലാവിധ നൈപുണ്യ വികസന പരിശീലന പദ്ധതികളുടെയും ഏകോപനം ഫലവത്തായി നടപ്പിലാക്കാൻ KASE-നു കഴിയുമെന്നും ആയതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി - VII.*

തിരുവനന്തപുരം,
21-1-2021.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.